# പൂമ്പാറ്റ






# ഡിജിറ്റൽ മാഗസിൻ

## എച്ച്. എം. ടി.  ഇ എസ് എച്ച് എസ്
## കളമശ്ശേരി
## ലിറ്റിൽ കൈറ്റ്സ്



# പത്രാധിപസമിതി

1. അലീന ജോണി
2. ഗോപിക ജി
3. അഖില പി. എസ്
4. ശരൺ ശൈലേഷ്
5. അമൽ ജെ
6. ധനേഷ്

## കവർചിത്രം

ദിയ പി


little
KITEs



# Little kites club members





# ആശംസകൾ



പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ' ലിറ്റിൽ കൈറ്റ്സ്' എന്ന പദ്ധതി വിവിധ IT മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നു. കുട്ടികൾക്ക് അറിവിന്റെ പുതിയ വാതായനങ്ങൾ തുറന്നു നൽകുന്ന രീതിയിലുള്ളതായിരുന്നു. വിദഗ്ധരുടെ പരിശീലനക്ലാസ്സുകളും ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഈ ഐ. ടി കൂട്ടായ്മ നാളെയുടെ വാഗ്ദാനം തന്നെയാണ് എന്നതിൽ തർക്കമില്ല. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി തീരുന്ന ഈ മാഗസിൻ വരും തലമുറക്കും പ്രകാശത്തിന്റെ വീഥികൾ തുറന്ന് കൊടുക്കുന്ന ഒന്നാകട്ടെ എന്ന് ആശംസിക്കുന്നു. വിജയ രഥത്തിലേറാൻ ഈ കൂട്ടായ്മക്കാവട്ടെ.

ഹെഡ്മിസ്ട്രസ്സ്

**ജിഷ പവിത്രൻ**

# എഡിറ്റോറിയൽ



"ജ്ഞാനത്തിൻെറ വേരുകൾ
ഭൂതകാലത്തിലാഴ്ന്ന കിടക്കുന്ന
അഗാധമായ നിഷ്കളങ്കതയോടെ
ഗുരുവചസ്സുകളെ സ്വീകരിച്ച നാളുകൾ"

ആ അറിവും പരിശ്രമങ്ങളും ആധുനികതയുടെ വെളിച്ചത്തിൽ ഏവർക്കും പകർന്നു നൽകാൻ ഈ പതിപ്പ് ഞങ്ങൾക്ക് സഹായകമായി. ഇതിൻെറ പൂർണതയിൽ എത്തിയില്ലെങ്കിലും ഞങ്ങളുടെ കഴിവുകൾ മുഴുവൻ ഉപയോഗിച്ചാണ് ഞങ്ങളിത് വാർത്തെടുത്തിരിക്കുന്നത്. പരിമിതികളുടെയും പരിവട്ടങ്ങളുടേയും മധ്യത്തിൽ ഈ മാഗസിൻ ഇനി നിങ്ങളുടെ വിലയിരുത്തലിനും ,വിമർശനങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം
അലീന ജോണി

# ഉള്ളടക്കം


ആശംസ

എഡിറ്റോറിയൽ

ആരാണ് സുഹൃത്ത്

എ. പി. ജെ അബ്ദുൾ കലാം

അകലെ

കാരുണ്യ നിധിയാം അമ്മ

ബാപ്പു ജി എന്ന മഹാൻ

അച്ഛൻ

സൗഹൃദം

കവിതകൾ

.കവിത്രയം

വായനാശീലം

മഹത് വചനങ്ങൾ

പ്രളയം

മിട്ടു മുയലും കൂട്ടുകാരും

എൻെറ ഗ്രാമം

ഓണം

പഴഞ്ചൊല്ലുകൾ

പുസ്തക മുത്തച്ഛൻ

സച്ചിൻ ടെണ്ടുൽക്കർ

വിദ്യാലയം

സ്നേഹാമൃതം

കടങ്കഥകൾ

അധ്യാപിക

തനിയെ

അന്യം

# LITTLE KITES MEMBERS

Gopika G
Misiriya NS
Akhila PS
Aleena Johny
Razeena KR
Rizwana KR
Sisra Sasi
Arathy G
Jithin Bhasi
Muhammed Abrar
Abhyuday Jawahar
Ayyappan M
Amal J
Athul Krisnajith
Muhammed Irfan
Salman Khan
Saran Sylesh
Muhammed Safwan
Muhammed Sinan
Adithya KS









# കാരുണ്യ നിധിയാം അമ്മ

കാരുണ്യത്തിൻ വിളക്കിലെ തീനാളമാണ് അമ്മ
പിച്ചവെക്കുമ്പോൾ മുതൽ തണലായി നിൽക്കും അമ്മ



ആദ്യമായി നാവിൻ തുമ്പിലെത്തും വാക്കാണമ്മ
ആദ്യമായി കുഞ്ഞു വിദ്യാലയത്തിൻെറ പടികൾ
ചവിട്ടുമ്പോൾ കുഞ്ഞിക്കൈകളിൽ മുറുകെ
പിടിച്ചൊരാൾ അമ്മ
എന്ത് ദു:ഖത്തിലാണ്ടിരിക്കുമ്പോഴും
ഒരാശ്വാസമാവും അമ്മ

ഒരോ മക്കളുടേയും ഹൃദയത്തിനുള്ളിലെ
പൂജാമുറിയിൽ
കത്തുന്ന വിളക്കാണമ്മ
മക്കളെ നിധിയായി കരുതി നല്ലതുമാത്രം
ചൊല്ലിതരുന്നൊരു പുസ്തകമാണമ്മ

കാലം കടന്നുപോകുംതോറും അമ്മയെന്ന
നിധിക്ക് മക്കളാൽ വിലക്കുറയുന്നു
എന്നാൽ എന്നും അമ്മയൊരു വിലമതിക്കാനാകാത്ത നിധിയാണ്

( ആദിത്യൻ കെ. ജെ )



# More than this

I AM BROKEN
DO YOU HEAR ME
I AM BLINDED
CAUSE YOU ARE EVERY THING
I SEE
I AM DANCING ALONE
I AM PRAYING
THAT YOUR HEART
WILL JUST TURN AROUND
AND AS WALK UP TO YOUR DOOR
MY HEAD TURNS TO FACE THE FLOOR
CAUSE I CAN LOOK
YOU IN THE EYES AND SAY



# കവിത്രയം

## കുമാരനാശാൻ (1873-1924)

മലയാളകവിയും സാമൂഹികപരിഷ്കർത്താവുമായ കുമാരനാശാൻ കായിക്കര-കടയ്ക്കാവൂരിൽ ജനിച്ചു. ആധുനിക മലയാള കവിത്രയത്തിൽ ഒരാളായ ഇദ്ദേഹം ആദ്യകാലത്ത് സംസ്കൃതം പഠിച്ചു. ശ്രീനാരായണ ഗുരുവിൻെറ നിർദ്ദേശപ്രകാരം തർക്ക-വേദാന്ത-ശാസ്ത്രാദികളിൽ ഉപരിപഠനം നടത്തി. ഇംഗ്ലീഷ്, ബംഗാളി തുടങ്ങിയ ഭാഷാസാഹിത്യങ്ങളും ആശാൻ അഭ്യസിച്ചു. 1903 ൽ എസ്. എൻ. ഡി. പിയുടെ ജനറൽ സെക്രട്ടറിയായി. 1904 ൽ യോഗത്തിൻെറ പ്രസിദ്ധീകരണമായ 'വിവേകോദയം' ആശാൻ ആരംഭിച്ചു.

## ഉള്ളൂർ (1877-1949)



ആധുനിക മലയാള കവിതയ്ക്ക് അടിത്തറ പാകിയ കവിത്രയത്തിൽ ഒരാളായ ഉള്ളൂർ എസ്. പരമേശ്വരയ്യർ ചങ്ങനാശ്ശേരിയിൽ ജനിച്ചു. ബാല്യകാലത്തെ സംസ്കൃതപഠനത്തിനുശേഷം ബി. എ., ബി. എൽ. ബിരുദങ്ങൾ കരസ്ഥമാക്കി. തിരുവിതാംകൂർ

സർക്കാരിൻെറ കീഴിൽ സീനിയർ ദിവാൻ പേഷ്ക്കാർ, റവന്യൂ കമ്മീഷണർ, ചീഫ് സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. കേരള സാഹിത്യ ഗവേഷണങ്ങൾക്കായി ചെലവഴിച്ചു. ഗൗരവത്തോടുകൂടി സാഹിത്യ ഗവേഷണത്തിന് അടിസ്ഥാനമിട്ടത് ഉള്ളൂരാണ്.

## വള്ളത്തോൾ ( 1878-1958)

മലയാളകവിതയിലെ ആധുനികദശയ്ക്ക് അടിസ്ഥാനമിട്ട കവിത്രയത്തിൽ ഒരാളാണ് വള്ളത്തോൾ നാരായണമേനോൻ. സംസ്കൃതപഠനം കഴിഞ്ഞ് കാവ്യനാടകങ്ങളും വൈദ്യവും അഭ്യസിച്ചു. വിദ്യാഭ്യാസകാലത്തുതന്നെ പദ്യരചന ആരംഭിച്ചു. കേരളകല്പദ്രുമം (തൃശ്ശൂർ ) പ്രസ്സിൻെറ മാനേജർ 'കേരളോദയം' , 'ആത്മപോഷിണി' എന്നിവയുടെ പത്രാധിപർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ദേശാഭിമാനിയായിരുന്ന വള്ളത്തോൾ ഇന്ത്യൻ  നാഷണൽ കോൺഗ്രസ്സിലും പ്രവർത്തിച്ചു.






# മിട്ടുമുയലും കൂട്ടുകാരും

ഒരിടത്ത് ഒരിടത്ത് ഒരു മിങ്കു കുറുക്കൻ താമസിച്ചിരുന്നു. അവൻ എല്ലാവരേയും കളിയാക്കുന്നവനായിരുന്നു. അങ്ങനെ എല്ലാവർക്കും വിഷമമായി. അങ്ങനെയിരിക്കെ അവിടെ ഉള്ള എല്ലാ മൃഗങ്ങളും മിട്ടു മുയലിനെ കണ്ടു. അവൻ അവർക്ക് ബുദ്ധി പറഞ്ഞുകൊടുത്തു. അങ്ങനെയിരിക്കെ മിങ്കു കുറുക്കൻ ഒരു മരത്തിൻെറ മുകളിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് മിട്ടു മുയൽ ആ വഴി വന്നത്. അപ്പോൾ മിങ്കു കുറുക്കൻ ആലോചിച്ചു. ഇവനെ ഒന്നു പറ്റിക്കാം. അതുകഴിഞ്ഞ് അവൻ അവിടെ മരത്തിൽ കയറി നിന്ന് എല്ലാവരേയും കളിയാക്കി. അപ്പോൾ അവൻ മരത്തിൽ നിന്ന് തെന്നി വീണു. അവൻെറ കാൽ മുറിഞ്ഞു. അപ്പോൾ മിട്ടു മുയൽ അവന് മരുന്നു വച്ചു കൊടുത്തു. അപ്പോൾ അവൻ ആലോചിച്ചു. ഞാൻ ഇവരെ കളിയാക്കേണ്ട കാര്യമില്ലായിരുന്നു. അവർ എല്ലാവരും നല്ലവരായിരുന്നു. പാവങ്ങൾ. അങ്ങനെ കുറുക്കന് അവൻ ചെയ്ത തെറ്റ് മനസ്സിലായി.

( മുഹമ്മദ് അസ്ലം )




അലീന ജോണി

# എ.പി.ജെ.അബ്ദുൾ കലാം[1931]



ശാസ്ത്രത്തിനോടുള്ള സമ്മർപ്പണം,തൊഴിൽപരമായ മേന്മയോടുള്ള പ്രതിബദ്ധത, ലളിതമായ ജീവിതരീതി എന്നിവയ്ക്കു പേരു കേട്ട എ.പി.ജെ.അബ്ദുൾ കലാം തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു.അവുൽ പകിർ ജൈനുലബ്ദീൻ അബദുൾകലാം എന്നാണ് യഥാർത്ഥ നാമം.മിസൈൽ ടെക്നോളജി വിദഗ്ധൻ കൂടിയായ ഇദ്ദേഹം തമിഴ് ഭാഷാ പണ്ഡിതനും തമിഴ് കവിയും കൂടിയാണ്.തിരുച്ചിയിലെ സെൻെറ് ജോസഫ്സ് കോളേജിൽ നിന്ന് ബിരുദം നേടി.മദ്രാസ് ഇൻസറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എയ്റോ എൻജി നീയറങ്ങിൽ പ്രതേക വൈദഗ്യം നേടി.എൻ.എ.എസ്.എ[നാസ]യിൽ നാലു മാസം പഠനപര്യടനം നടത്തിയിട്ടുണ്ട്.ഡിഫൻസ് റിസേർച്ച് ആൻഡ് ഡെവലപ്മെൻെറ് ഓർഗനൈസേഷൻെറ [DRDO] മേധാവി,ഡിപ്പാർട്ട്മെൻെറ് ഓഫ് ഡിഫൻസ് റിസർച്ച് ആൻഡ് ഡെവല്പ്മെൻറിൻെറ സെക്രട്ടറി,രാജ്യരക്ഷാമന്ത്രിയുടെ ശാസ്ത്രോപദേശകൻ,എസ്.എൽ വി -3 ൻെറ പ്രോജക്ട് ഡയറക്ടർ എന്നീ നിലകളിൽ ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.ആര്യഭട്ട അവാർഡ്[1994],പദ്മഭൂഷൺ,ഭാരതരത്നം[1997]തുടങ്ങിയ ബഹുമതികൾ ലഭിച്ചു.2002 ജൂലൈ 18 ന് ഇന്ത്യയുടെ 12-ആമത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു.ജ്വലിക്കുന്ന മനസ്സുകൾ,അഗ്നിച്ചിറകുകൾ എന്നിവ പ്രധാന കൃതികളാണ്.

# ബാപ്പു ജീ എന്ന മഹാൻ



നമ്മൾ തൻ ഭാരതംസംരക്ഷിച്ചതാര്
ചോര പൊടിച്ചൊരീ മണ്ണിൽ
ഉപ്പിൻ തരികൾ വിട്ടുകൊടുക്കില്ലെന്ന്
വാശി പിടിച്ചു....വാശി പിടിച്ചു
ഉപ്പിൻ തരികൾ നെഞ്ചോടടുപ്പിച്ചു
മർദ്ദനമേറ്റുവാങ്ങി

ബോധമില്ലാതെ നിലം പതിക്കുമ്പോൾ
ഉപ്പിൻ തരികൾ ചിതറിയില്ല
ഒരേ ചോരയാണ് നമ്മളെന്നും.

കളവും വഞ്ചനയും നന്നല്ലെന്നും പഠിപ്പിച്ച
നമ്മുടെ ഏവരുടെയും ബാപ്പുജി
മുദ്രാ വാക്യളുരവിട്ടുകൊണ്ട് പോരാടി നമ്മുടെ
ഓരോ ഇന്ത്യാക്കാരുടെയും ചങ്കുപിടച്ചു,ചങ്കുപിടച്ചു
ഓരോ ഇന്ത്യൻ പൗരനും
മനസ്സിൽ തട്ടിനില്ക്കുന്ന
മുഖമാണ് ബാപ്പു ജി

# എൻെറ ഗ്രാമം



കുന്നുകളും മലകളും പുൽപ്പരപ്പും പാടവും കുളങ്ങളും മീനുകളും കുറേ പക്ഷികളും മൃഗങ്ങളും നിറഞ്ഞതാണ് എൻെറ ഗ്രാമം. നല്ല തണലുള്ള ഗ്രാമം. അകന്നകന്ന വീടുകളുമുണ്ട്. പൂമ്പാറ്റയും പൂക്കളും നിറഞ്ഞ  എൻെറ വീട് കാണാൻ വളരെ മനോഹരമാണ്. ആരു കണ്ടാലും ഇഷ്ടപ്പെടും. അവിടത്തെ കുളത്തിൽ കുളിക്കാനും പുൽപ്പരപ്പിൽ ഓടികളിക്കാനും കൂട്ടുകാരോടൊത്ത് കളിക്കാനും മുത്തശ്ശിമാവിൻെറ അടുത്തിരുന്നു മാമ്പഴം തിന്നാനും എന്ത് രസമായിരിക്കും. സുഗന്ധമായ കാറ്റ് മനസ്സിൽ തണുപ്പ് തരുന്നു. പൂമ്പാറ്റകൾ ചെടികൾക്ക് ചുംബനം നൽകുന്ന നിശബ്ദമായ ഞങ്ങളുടെ ഗ്രാമം. അമ്മക്കിളി കുഞ്ഞുങ്ങൾക്കുവേണ്ടി തീറ്റതേടുകയും ഓലഞ്ഞാലി ഓലയുടെത്തുമ്പത്ത്  കൂടുണ്ടാക്കുന്നതെല്ലാം ഞങ്ങൾ കാണാറുണ്ട്. രാത്രിയിൽ മഴ വരുമ്പോൾ ഞങ്ങൾ ജനാലകളുടെ അരികിലേക്കോടും. എന്ത് രസമായിരിക്കും ആ മഴത്തുള്ളികളുടെ ശബ്ദം. “ ഇതാണ് എൻെറ ഗ്രാമം ".

# അച്ഛൻ



ഇന്നലെ രാത്രിതൻ അന്ത്യയാമത്തിലെ ഏതോ
കിനാവിലെന്നച്ഛനെ കണ്ടു ഞാൻ
പന്ത്രണ്ടു സംവത്സരങ്ങൾക്കുമപ്പുറം ഒരു ദിനം
രാവിൻെറ നിശബ്ദമൗനത്തിൽ യാത്രാമൊഴി
പോലുമോതാതെ യാത്രയായ് എങ്ങോ
മറഞ്ഞൊരച്ഛനെ കണ്ടു ഞാൻ.
അച്ഛൻെറ കൈകളിൽ ഊയലാടി ഞാൻ
അച്ഛൻ തൻ സ്നേഹത്തിൻ അമൃത് നണഞ്ഞു ഞാൻ
അച്ഛൻെറ കൂടെ ഞാനും വരാം
അച്ഛൻ വസിക്കുന്ന ലോകമേതായാലും
അച്ഛൻെറ വാക്കുകൾ കാതോർത്തു ഞാൻ

( അമൽ ജെ )

# പരിസ്ഥിതി ദിനം



# ഓണം






ചിങ്ങമാസം പിറന്നു.ഓണക്കാലം.കുട്ടികൾക്ക് ഉത്സാഹമായി.അത്തപ്പൂക്കളം ഇടണം.'അത്തം പത്തോണം'.അവർ പൂ പറിച്ച് പൂക്കളമിട്ടു. ഇനി ഓണാവധിയാണ്.ഇഷ്ടംപോലെ കളിക്കാം.എല്ലാവർക്കും സന്തോഷം! പുതിയ വസ്ത്രങ്ങൾ കിട്ടും. കോടിയുടുത്ത് സുന്ദരന്മാരും സുന്ദരികളുമാകാം.പാട്ടു പാടാം,ആട്ടമാടാം.ഓണത്തപ്പാ കുടവയറാ നാളെപ്പോലും തിരുവോണം!



മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളംപറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.
മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ.



# പഴഞ്ചൊല്ലുകൾ

- പാലം കടക്കോളം നാരായണ പാലം കടന്നാൽ കൂരായണ
- വിത്തു ഗുണം പത്തു ഗുണം
- ഒന്നു ചീഞ്ഞാലെ മറ്റൊന്നിനു വളമാകൂ
- കണ്ണുപോയാലേ കണ്ണിന്റെ വിലയറിയൂ
- മലവെള്ളപ്പാച്ചിൽ മുറം കൊണ്ട് തടുക്കാമോ
- അടി തെറ്റിയാൽ ആനയും വീഴും
- ഇരിക്കും കൊമ്പ് മുറിക്കരുത്
- പയ്യെ തിന്നാൽ പനയും തിന്നാം
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിൽ മാണിക്യം
- അല്പന് അർത്ഥം കിട്ടിയാൽ അർധരാത്രി കുട പിടിക്കും

( ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ )

# സച്ചിൻ ടെണ്ടുൽക്കർ [1973]

1. ക്രിക്കറ്റിലെ വിസ്മയമായ സച്ചിൻ രമേഷ് ടെണ്ടുൽക്കർ 14-ആമത്തെ വയസ്സിൽ തന്നെ ഫസ്റ്റ്ക്ലാസ് ക്രിക്കറ്റിൽ അരങ്ങേറ്റം നടത്തി.16-ാംമത്തെ വയസ്സിൽ ടെസ്റ്റ് ക്രിക്കറ്റ് കളിച്ച ആദ്യത്തെ ഇന്ത്യക്കാരനും സച്ചിൻ തന്നെ.1996-ൽ സച്ചിനെ ഇന്ത്യൻ ടീമിൻെറ ക്യാപ്റ്റനായി നിയമിച്ചു.രണ്ടുകൊല്ലത്തിനുള്ളിൽ സച്ചിൻ,ഡെസ്മണ്ട് ഹെയിൻ സ്ഥാപിച്ച റെക്കോർഡ്, ഏകദിന ഇൻററ്നാഷണലിൽ ഏറ്റവും



കൂടുതൽ എണ്ണം സെഞ്ച്വറി നേടികൊണ്ട് തകർത്തു.2005 ഡിസംബർ 10 വരെ 35 സെഞ്ച്വറിയാണ് കരസ്ഥമാക്കിയത്.ഒരു ലോക റെക്കോർഡാണിത്.സച്ചിൻ 12000 ൽ അധികം റൺസ് എടുത്തിട്ടുണ്ട്.1999 ൽ 186 റൺസിൻെറ നോട്ടൗട്ട് കരസ്ഥമാക്കിക്കൊണ്ട് മറ്റൊരു ദേശിയ റെക്കോർഡ് സ്ഥാപിച്ചു.



# Journey of my life

my life is a journey
I was travelling alone with emotions
like sad and happy moments
I had lots of experiences in my life

sad and happy moments
come to my life
one by one like the
weather change and I face
them without any fear and tear

I become sad when
I love some one more than they deserve
they hurt me more than I deserve

I become happy when
I spend time with friends we sit together and
share all the things like a family



# little things

Your hand fits in mine likes its made
just for me ,but bear this in mind
it was meant to be
and I’m joining up the dots
with the freckles on your cheeks and it
all makes sense to me
I know you’ve never loved
crinkles by your eyes
when you smile you’ve never loved
the stomach or your thigh
dimples in your back
at the bottom of your spine
but I love them endlessly




# അകലെ



ഒരു മാത്രകൊണ്ട് നാം
ഒറ്റയാവുന്നിടം
വാക്കുകൾ നമുക്കിടയിൽ
അകലമാകുന്നു
ഹൃദയത്തിലെന്നും ഓർമ്മകൾ
നോവുന്ന വാക്കു മാത്രം
കാത്തിരിപ്പിൻെറ അകലം
പറഞ്ഞു
തിരിച്ചൊഴുക്കിൻെറ പുഴ വരുന്നു
ഇനി നിനക്ക് വേണ്ടെങ്കിൽ
തിരിച്ചെടുക്കട്ടെ ഞാൻ ആ
സൗഹൃദത്തിൽ നനഞ്ഞ
കടലാസ്സു തോണികൾ

26



ധനേഷ്

# നാഷണൽ ബോക്സിങ്ങ് ചാംപ്യൻ




## സ്കൂളിൻെറ അഭിമാന താരമായ മാഹിൻ റാഷിദ്



# MY SWEET FATHER

I have a hero
I call him father
I am his craziest fan
He is my friend, he is my teacher
He is my hope, he is my dream
He is my advisor, he is my heart.
He is my life.
He is my everything
Without he , I can't live in this world.
The greatest gift , I ever got from god.
Oh god! Bless my father

( Anzalna yusaf )
8 A



# ആരാണ് സുഹൃത്ത് ?

പുല്ലാനിക്കാട്ടിൽ ഒരു അമ്മയാടും കുഞ്ഞാടും താമസിച്ചിരുന്നു. കിച്ചു എന്നാണ് കുഞ്ഞാടിന്റെ പേര്. കാട്ടിലെ വലിയ കരിമ്പാറയ്ക്കടിയിലെ ചെറിയ ഗുഹയിലാണ് അവർ കഴിഞ്ഞിരുന്നത്. അമ്മയാട് തീറ്റതേടി പുറത്തു പോകുമ്പോൾ കുഞ്ഞാടിനോട് പറയും:

“മോനേ, ആരുവന്നു വിളിച്ചാലും നീ പുറത്തു പോകരുത്... ഈ കാട്ടിൽ ധാരാളം ക്രൂരമൃഗങ്ങളുണ്ട്... അതുകൊണ്ട് നീ സൂക്ഷിക്കണം!

ഇതുകേട്ട് സമ്മതഭാവത്തിൽ തലയാട്ടുമെങ്കിലും കാട്ടിലെ മാൻക്കുട്ടികളോ മറ്റു കുഞ്ഞാടുകളോ വന്നാൽ കിച്ചു അവയോടൊപ്പം പുറത്തിറങ്ങും. ഗുഹയുടെ സമീപപ്രദേശങ്ങളിൽ അലഞ്ഞു നടന്ന് അമ്മ എത്തും മുൻപേ ഗുഹയിൽ തിരിച്ചെത്തുകയും ചെയ്യും. താൻ പോകുമ്പോഴും വരുമ്പോഴും കുഞ്ഞാടിനെ ഗുഹയിൽ കാണുകയാൽ അമ്മയാട് ഈ കാര്യമൊന്നും അറിഞ്ഞതേയില്ല.

ഒരുദിവസം അമ്മയാട് തീറ്റതേടി പോയശേഷം കിച്ചു പതിവുപോലെ ഗുഹയ്ക്ക് പുറത്തുകടന്നു. അന്ന് കൂട്ടുകാർ എത്താത്തതിൽ അവന് നിരാശ തോന്നി. അങ്ങനെ നിൽക്കുമ്പോഴതാ കുറച്ചകലെയായി വൃക്ഷച്ചുവട്ടിൽ ഒരു പുതിയ അതിഥിയിരിക്കുന്നു. ഒരു സിംഹക്കുട്ടി! സിംഹക്കുട്ടിയാകട്ടെ നടന്നുതുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. പുതിയ അതിഥിയെ കണ്ടപ്പോൾ കുഞ്ഞാടിന് വളരെ സന്തോഷമായി... അത് സിംഹക്കുട്ടിക്കരികിലേക്ക് ഓടിച്ചെന്നു ചോദിച്ചു.

"എന്താ നിന്റെ പേര് ?”

"വീറു.”

സിംഹക്കുട്ടി പറഞ്ഞു.

അല്പനിമിഷങ്ങൾക്കുള്ളിൽ ഇരുവരും ചങ്ങാതിമാരായി...
പിന്നീടുള്ള ദിവസങ്ങളിൽ അമ്മയാട് പുറത്തുപോയാൽ കുഞ്ഞാടു
വൃക്ഷച്ചുവട്ടിലേക്കോടും. സിംഹക്കുട്ടിയുമെത്തും. പിന്നെ
രണ്ടുപേരും നടക്കാനിറങ്ങും

കാലം കടന്നുപോയി.
ഒരിക്കൽ സിംഹക്കുട്ടിയോടൊപ്പം കുഞ്ഞാടിനെ കാണാനിടയായ
അമ്മയാട് പറഞ്ഞു.

"മോനേ, കിച്ചു, അത് അപകടമാണ് സിംഹങ്ങൾ നമ്മുടെ വർഗ്ഗത്തിൻെറ
ശത്രുക്കളാണ്... അതുകൊണ്ട് അവരോടൊപ്പം കൂട്ടുകൂടരുത്"


പക്ഷെ, കിച്ചു പിന്മാറിയില്ല. സിംഹക്കുട്ടിയോടൊപ്പം പിന്നേയും അവൻ
കൂട്ടുകൂടി... കുഞ്ഞാടും സിംഹക്കുട്ടിയും വളർന്നു. ഇപ്പോൾ കുഞ്ഞാട് ഒരു
വലിയ ആടായി. സിംഹക്കുട്ടി വളർന്നു. വലിയ സിംഹമായി.
വേനൽവന്നതോടെ മൃഗങ്ങലിൽ മുക്കാലും കാടുവിട്ടുപോയി. അതോടെ
ചെറിയ മൃഗങ്ങളെ ഭക്ഷിച്ച് വിശപ്പടക്കിയിരുന്ന മൃഗങ്ങൾക്ക് ഭക്ഷണം
ലഭിക്കാതായി. വീറുവിൻെറ കാര്യവും വ്യത്യസ്തമായിരുന്നില്ല.
അതു ചെറുമൃഗങ്ങളെതേടി കാടുമുഴുവൻ അലഞ്ഞെങ്കിലും
ഫലമൊന്നുമുണ്ടായില്ല. ഒരുനാൾ, കിച്ചുവും വീറുവും പുൽമേട്ടിലിരുന്ന്
സംസാരിക്കുകയായിരുന്നു. വിശപ്പുകൊണ്ട് ആകെ വലഞ്ഞ വീറു
പറഞ്ഞു. “കാട്ടിലെ ചെറുമൃഗങ്ങളെല്ലാം കാടുവിട്ടുപോയതിനാൽ എനിക്ക്
വിശപ്പ് സഹിക്കാനാവുന്നില്ല. അതുകെണ്ട് ഞാൻ നിന്നോട് ഒരു തെറ്റ്
ചെയ്യാൻ പോവുകയാണ്. നീ എന്നോട് ക്ഷമിച്ചാലും!”
അത്രയും പറഞ്ഞ് വീറു കിച്ചുവിൻെറ മേൽ ചാടിവീണ് അതിനെ കൊന്നു
തിന്നു.

ഗുണപാഠം : സുഹൃത്തുക്കളെ കണ്ടെത്തുമ്പോൾ നമ്മുടെ സ്വഭാവത്തിനും,
സാഹചര്യത്തിനും ഇണങ്ങിയവരെ കണ്ടെത്താൻ പ്രത്യേകം
ശ്രദ്ധിക്കുക! അല്ലെങ്കിൽ ആട്ടിൻകുഞ്ഞിന് സംഭവിച്ചതുപോലെ
നാശമാകും നമുക്കും ഉണ്ടാവുക.









വരുവാനിരിക്കുന്നവർക്കായി

ചുമരിൽ കുറിയ്ക്കാൻ ഒന്നുമില്ല...

നഷ്ടപ്പെടലിന്റെ വിരൽപാടുകളിൽ നിന്ന്

അവർ വേദനിക്കാൻ പഠിക്കട്ടെ


H






# ഉപജില്ല ശാസ്ത്രമേള





# മലയാള തിളക്കം





# മഹത് വചനങ്ങൾ

ധനത്തെ നിങ്ങൾ സൂക്ഷിക്കണം
എന്നാൽ  വിജ്ഞാനം
നിങ്ങളെ സൂക്ഷിച്ചുകൊള്ളും

-ഹസ്രത്ത് അലി

ഒരു പാഠശാല ആരംഭിക്കുമ്പോൾ
ഒരു കാരാഗൃഹത്തിന്റെ ആവശ്യകത
ഇല്ലായ്മ ചെയ്യുന്നു

-ഹെർബർട്ട് സ്പെൻസർ

ഒരു നല്ല ഗ്രന്ഥശാല
ഒരു യഥാർത്ഥ സർവകലാശാലയാണ്

-തോമസ് കാർലൈൽ

വായന എന്നത്
കടം കൊള്ളലാണ്
-ലിറ്റിൻ ബർഗ്



# 5 കടങ്കഥയ്ക്ക് ഉത്തരം പറയാം




പകലുറക്കം ;രാത്രിയിൽ
മിഴിച്ചിരിപ്പ്.

തീയില്ലാത്ത വിളക്കേത്?

കാലത്തു വന്ന വിരുന്നുകാരൻ
വൈകുന്നേരം ഓടിക്കളഞ്ഞു .

ആകാശപ്പന്തലിൽ ആയിരം
പൂമൊട്ട്.

# തനിയെ

ഇടനെഞ്ചിലെ താളം പറന്നകന്നു
മനസ്സിലെ കോണിൽ ഇരുട്ടു വീണു.
മുറിവേറ്റ പക്ഷിയുടെ തേങ്ങൽ പോൽ
അതുമെല്ലെ മനസ്സിൽ
ഞെരിഞ്ഞമർന്നു.
ഇനിയുള്ള ജീവിത
നിമിഷത്തിലാരു-
മില്ലെന്ന തോന്നൽ കടിച്ചമർത്തി
ഇരുളാർന്ന പാതയുടെ
ഓരത്തുകൂടി ഞാൻ



എന്തിനോ എങ്ങോട്ടോ നടന്നു നീങ്ങി
ആരെയും അറിയാതെ കാണാതെ നടന്നു നീങ്ങി
ആരാരുമില്ലാതെല്ലാശ്വാസമേകുവാ-
നെന്നു ഞാൻ വെറുതെ ഓർത്തു പോയി
ഓർമ്മതൻ മനസ്സിൻതീരങ്ങളിലെപ്പോഴോ
സ്വപ്നമാം തിര തഴകിടുമ്പേങ്ങറ്റ
മനസ്സിലെ ഓർമ്മകൾ എപ്പോഴും
ഒരു പക്ഷിപോൽ
ചേക്കേറും എൻ മനസ്സിലെ കോവിലിൽ

# പുസ്തക മുത്തച്ഛൻ



നമ്മൾക്കുണ്ടേ ചങ്ങാതികളേ
നല്ലൊരു പുസ്തകമുത്തച്ഛൻ
നമ്മളെ നന്നായി വായിപ്പിക്കാൻ
ശീലിപ്പിച്ചൊരു മുത്തച്ഛൻ!
നാടുകൾതോറും വായനശാലകൾ
കെട്ടിയുയർത്തിയ മുത്തച്ഛൻ.
നമ്മളെയെല്ലാം സാക്ഷരരാക്കാൻ
പാടുകൾ പെട്ടൊരു മുത്തച്ഛൻ!
പുസ്തകമൊത്തിരി നെഞ്ചിലൊതുക്കി
പ്പാറി നടന്നൊരു മുത്തച്ഛൻ.
'ഗ്രന്ഥാലോകം' നമ്മൾക്കായി
തുറന്നു തന്നൊരു മുത്തച്ഛൻ!
നിലമ്പേരൂരെന്നൊരു നാട്ടിൽ
പിറവിയെടുത്തൊരു മുത്തച്ഛൻ
ഓർക്കണമെന്നും അതാണു 'പീയെൻ
പണിക്കരെ'ന്നൊരു മുത്തച്ഛൻ!

( സിപ്പി പള്ളിപ്പുറം )



# കവിതകൾ

## തത്ത



തത്ത നല്ല തത്ത
പച്ച നിറ തത്ത
ചന്തമുള്ള തത്ത
എന്റെ സ്വന്തം തത്ത

## മുല്ല

മുറ്റത്തുണ്ടൊരു മുല്ല
മുല്ലയിലുണ്ടൊരു പൂവ്
പൂവിനു ചുറ്റും വണ്ട്
കാറ്റത്തു കണ്ട് രസിച്ച്
തുള്ളിച്ചാടുന്നുണ്ട്



# സൗഹൃദം

സൗഹൃദം എന്നിലുണർത്തും
അനുഭൂതിയാം വെളിച്ചം
എന്നെ മുന്നോട്ടു നയിക്കുന്നു.
എന്നുള്ളിൽ ആനന്ദമുണർത്തുന്നു
എന്നുള്ളിൽ ഉന്മേഷം നിറയ്ക്കുന്നു.
നീയെന്നരികിൽ ഉണ്ടെങ്കിൽ ഞാൻ
ഒരിക്കലും തളരില്ല, വിതുമ്പില്ല
പരാജയ വിജയ, ദു:ഖ
സൗഭാഗ്യങ്ങളിൽ
എൻ പ്രതിബിംബമായി വന്നണയും



എൻ തോഴി........

# സ്കൂൾ ഫുട്ബോൾ ടീം



# ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്



# <u>തണൽ ജൈവവൈവിധ്യ ക്ലാസ്സ്</u>



# കായിക ദിനം



# അന്യം



കാടും മലകളും ദൈവമായ്ക്കണ്ടൊരു
കാട്ടുമക്കൾ കാടുവാണൊരു കാലത്ത്,
മണ്ണും മരങ്ങളും പുണ്യമായ് കണ്ടൊരു മാനുഷർ



മന്നിതിൽ വാണൊരു കാലത്ത്,
ആദിമനുഷ്യർതൻ സ്നേഹപ്രവാഹമായ്
പുണ്യനദികളൊഴുകിയ കാലത്ത്,
എന്നുമീ മണ്ണിൻെറ മക്കളായ് മാറിയ
പൂർവികരെങ്ങും നിറഞ്ഞൊരു കാലത്ത് ,
ശീതളസ്നേഹം പകർന്നു സന്തുഷ്ടയായ് ഭൂമിമാതാവെന്നും
സ്തന്യം ചുരത്തവേ,
ആരോ ചിലർചേർന്നു വെട്ടിയരിഞ്ഞിട്ടു,
മാമരക്കൂട്ടങ്ങൾ തീയിലുരുക്കി പോൽ
മാമലക്കൂട്ടങ്ങൾ ചെത്തിയെടുത്തിട്ടു പാടങ്ങൾ ,
തോടുകളെല്ലാം നികത്തിപോൽ
മണ്ണിൻെറ മാറിലുറങ്ങും മനുഷ്യർക്കു
പൊൻമണിമാളികയെങ്ങുമുയരവേ,
പൊട്ടിച്ചിരിച്ചൊരു കാട്ടാറുകളെല്ലാം
പൊട്ടികരഞ്ഞിറ്റുകണ്ണുനീരില്ലാതെ,
കാടും മലകളും മണ്ണും മരങ്ങളും
സ്വാർത്ഥതകൊണ്ടു നാം വിസ്മരിച്ചീടവേ,
പാട്ടുംപുഴകളും, ആട്ടുംമരങ്ങളും
പുത്തൻതലമുറക്കന്യമായീടവേ,
വീണ്ടും നിറയ്ക്കാമീ ഭൂമിയിൽ ധാരാളം
മാമരക്കൂട്ടവും പൊയ്കയും പാടവും,
സ്നേഹമൊഴുകട്ടെ വീണ്ടും പ്രകൃതിയിൽ
മാനവാ നിന്നിലും നന്മ വളരട്ടെ
ഭൂമിയാമമ്മതൻ കണ്ണീർ തുടച്ചിടാം
ഭൂമിയെ മാതാവായ് പൂജിക്കാം നിത്യവും..... (സുഷമ ബി )


Thank You